**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **29-01-2024 - ൽ മറുപടിയ്ക്ക്**

**പോലീസിലെ ക്രിമിനൽവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുതര ക്രിമിനൽ കേസുകളിലോ, സംഭവങ്ങളിലോ ഉൾപ്പെട്ടതിന്റെ പേരിൽ പോലീസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥരെയാണ് 2016 മുതൽ 2023 വരെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടതെന്ന് വർഷം, പദവി എന്നിവ തിരിച്ച് അറിയിക്കാമോ; | (എ) | 2016 മുതൽ 2023 വരെയുള്ള കാലയളവിൽ ഗുരുതര ക്രിമിനൽ കേസുകളിലും സംഭവ ങ്ങളിലും ഉൾപ്പെട്ടതിന്റെ പേരിൽ പോലീസ് വകുപ്പിൽ നിന്ന് 105 ഉദ്യോഗസ്ഥരെ പിരിച്ചുവിട്ട് ഉത്തരവായിട്ടുണ്ട്. വർഷം പദവി എന്നിവ തിരിച്ചുള്ള പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് വിവിധ സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ ആയി ജോലി ചെയ്തു വരുന്നവരിൽ ഗുരുതര ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവർ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | എസ്.എച്ച്.ഒ മാരിൽ രണ്ടു പേർ ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. രണ്ടുപേർക്കുമെതിരെ യുള്ള കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതി വിചാരണയിലിരിക്കുകയാണ്. |
| (സി) | ജനങ്ങൾക്ക് പോലീസിൽ ഉള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | പരാതികൾ ഉടനടി പരിഹരിച്ച് സുതാര്യവും നീതിയുക്തവുമായ നിയമം നടപ്പാക്കി പൗരാവകാശങ്ങൾ, വ്യക്തി മഹത്വം എന്നിവ സംരക്ഷിച്ചുകൊണ്ട് ക്രമസമാധാനം നടത്തി ലോകോത്തര നിലവാരത്തിലുള്ള പോലീസ് സേവനങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കു വാൻ ശ്രമിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസവും സംതൃപ്തിയും കൈവരിക്കുവാൻ പ്രതിജ്ഞാബദ്ധമായ ഒരു പോലീസ് സംവിധാനമാണ് നിലവിലുള്ളത്. ഇതിനായി ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതികൾ, CCSE (Counter Child Sexual Exploitation) Centre, വിവിധ ഓൺലൈൻ സേവനങ്ങൾ, 112 സംവിധാനത്തോടെ ഏകീകൃത എമർജൻസി കൺട്രോൾ റൂം (എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം) എന്നിവ പൊതുജനങ്ങൾക്കായി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| തസ്തിക | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|
| CPO | 6 | 3 | 3 | 7 | 3 | 6 | 6 | 15 |
| SCPO | 2 | 3 | 1 | - | 6 | - | 2 | 2 |
| PC | | | | | 2 | | 2 | |
| HDR | | | 1 | | 2 | | 2 | |
| Carpenter PC | | | | | 1 | | | |
| Dvr PC | 1 | | | | | | 1 | 1 |
| Dvr SCPO | | | | | | | | 1 |
| DVR HDR | | | | 1 | | | | |
| COMMANDO | | 1 | | | | | | |
| HC | | | | 1 | | | | |
| ASI | | | 1 | | | | | |
| Gr.ASI | 1 | | | | 1 | | 3 | 4 |
| Gr.SI | 1 | | | | 1 | | | 1 |
| APSI | | | | | | 1 | | |
| SI | 1 | 1 | 1 | | | | | 1 |
| IoP | | | | | | 1 | | 2 |
| Detective Inspector | | | | | | | | 1 |
| DySP | | | | 1 | | | | |
| **TOTAL** | 12 | 8 | 7 | 10 | 16 | 8 | 16 | 28 |